# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/39/69/2018 2018 ഏപ്രിൽ 6

## പത്രക്കുറിപ്പ്

**എം.ജി.യെ ആഗോളനിലവാരത്തിലാക്കാൻ ആയിരം കോടിയുടെ വികസന പദ്ധതിയെന്ന് ഡോ. ബാബു സെബാസ്റ്റ്യൻ**

കേന്ദ്ര മാനവശേഷി വകുപ്പിന്റെ ഉന്നതവിദ്യാഭ്യാസ റാങ്കിംഗിൽ ദേശീയതലത്തിൽ 34-ാം സ്ഥാനം നേടിയ മഹാത്മാഗാന്ധി സർവ്വകലാശാല 'ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ്' പദവി നേടുന്നതിനും ആഗോള നിലവാരം കൈവരിക്കുന്നതിനുമായി ആയിരംകോടി രൂപയുടെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു. എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ 34-ാം സ്ഥാനത്തോടെ മികച്ച സർവ്വകലാശാലകളുടെ ഗണത്തിലേക്കുയർന്ന മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ജീവനക്കാരെയും അനുമോദിക്കാൻ ചേർന്ന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു വൈസ് ചാൻസലർ. ഉന്നത ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് അന്തർദ്ദേശീയ നിലവാരത്തിലുള്ള സർവ്വകലാശാലകൾക്കാണ് ഈ പദവി ലഭ്യമാകുന്നത്. എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ ആദ്യ 50 സ്ഥാനങ്ങൾ നേടുന്ന സർവ്വകലാശാലകൾ, അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര മാനവശേഷി വികസനവകുപ്പ് നൽകുന്ന ആയിരംകോടി രൂപയുടെ ധനസഹായത്തിന് അർഹരാണ്. 15 വർഷംകൊണ്ട് നടപ്പാക്കുന്ന 1000 കോടി രൂപയുടെ 'ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രൊജക്ടിൽ' ഉൾപ്പെടുത്തിയ പദ്ധതികൾ ആഗസ്റ്റ് മാസത്തിൽ യു.ജി.സി.യ്ക്ക് സമർപ്പിക്കുന്നതാണ്. ക്ലാസ്സ്റൂമുകൾ, ലാബുകൾ, ലൈബ്രറികൾ, അദ്ധ്യാപക നിയമനം എന്നീ മേഖലകളിൽ ലോകനിലവാരത്തിലെത്താനുള്ള ഉന്നത ഗുണമേന്മ ലക്ഷ്യംവയ്ക്കുന്ന പദ്ധതികളാണ് സർവ്വകലാശാല വിഭാവനം ചെയ്യുന്നത്. ഇതിനായി എല്ലാ പഠനവകുപ്പുകളും വിശദമായ പദ്ധതി തയ്യാറാക്കി, യു.ജി.സിയ്ക്കു സമർപ്പിക്കുമെന്നും വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു. ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, എൻ.ഐ.ആർ.എഫ്. കോ ഓർഡിനേറ്റർ ഡോ. സന്തോഷ് പി. തമ്പി, അദ്ധ്യാപക സംഘടനാ പ്രതിനിധികളായ ഡോ. കെ.എം. കൃഷ്ണൻ, ഡോ. ആർ. വിജയകുമാർ, അനദ്ധ്യാപക സംഘടനാ പ്രതിനിധികളായ പി. പത്മകുമാർ, മഹേഷ്, കെ.എം. ഷാജി, പി.കെ. രമേഷ് കുമാർ എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

**എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ മികച്ച നേട്ടം കൈവരിച്ച മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ജീവനക്കാർ എന്നിവരെ അനുമോദിക്കുന്നതിനായി ചേർന്ന യോഗത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു**

**പരീക്ഷ മാറ്റി**

മഹാത്മാഗാന്ധി സർവ്വകലാശാല ഏപ്രിൽ 9ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും ഹർത്താലിനെത്തുടർന്ന് 23ലേക്ക് മാറ്റി.

**സ്വാശ്രയ കോളേജ് മാനേജർമാരുടെ യോഗം മാറ്റി**

പരീക്ഷ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഏപ്രിൽ 9ന് നടത്താൻ നിശ്ചയിച്ചിരുന്ന സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജ് മാനേജർമാരുടെ യോഗം ഹർത്താൽ പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ ഏപ്രിൽ 10-ാം തീയതി രാവിലെ 10.30ന് സർവ്വകലാശാലാ അസംബ്ലി ഹാളിൽ നടത്തുന്നതിനായി മാറ്റിവച്ചു.

**അപേക്ഷാ തീയതി**

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ ഒന്നാം സെമസ്റ്റർ എം.ഫിൽ സുവോളജി റീഅപ്പിയറൻസ് (2014–2015 ബാച്ച്) പരീക്ഷ ഏപ്രിൽ 17ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 10 വ

രെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 12 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ**

ആറാം സെമസ്റ്റർ ബി.സി.എ./ബി.എസ്.സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് മാർച്ച് 2018 (2015 അഡ്മിഷൻ റഗുലർ/2013 – 2014 അഡ്മിഷൻ സപ്ലിമെന്ററി/റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 17 മുതൽ 20 വരെ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്. 2015 അഡ്മിഷൻ റഗുലർ/2013 – 2014 അഡ്മിഷൻ സപ്ലിമെന്ററി/റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 17, 18, 19 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. – റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രോജക്ട് & വൈവാവോസി ഏപ്രിൽ 12ന് അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**വൈവാവോസി**

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. മാത്തമാറ്റിക്സ് മാർച്ച് 2018 (2015 അഡ്മിഷൻ റഗുലർ & 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും ഏപ്രിൽ 17ന് നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. സ്റ്റാറ്റിസ്റ്റിക്സ് മാർക്ക് 2018 (2015 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും ഏപ്രിൽ 17ന് കോതമംഗലം എം.എ. കോളേജിലും 19ന് കാലടി ശ്രീശങ്കര കോളേജിലും നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.എ. ഫിലോസഫി മാർച്ച്/ഏപ്രിൽ 2018 (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും സൂഷ്മപരിശോധനയും ഏപ്രിൽ 12ന് ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദുകോളേജിൽവച്ച് നടക്കും.

ആറാം സെമസ്റ്റർ ബി.എ. ഫിലോസഫി മാർച്ച് 2018 (സി.ബി.സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ വൈവാവോസി ഏപ്രിൽ 12ന് ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിൽ വച്ച് നടത്തും.

**മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് പ്രോഗ്രാം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടത്തുന്ന ദ്വിവത്സര മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഠഠഠ.രമേ.ോഴൗ.മര.ശി എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. ഏതു വിഷയത്തിലും ബിരുദം നേടിയിട്ടുള്ളവർക്കും അവസാനവർഷ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. അവസാന തീയതി: ഏപ്രിൽ 16. വിശദവിവരങ്ങൾക്ക് ഫോൺ: 0481 – 2732922.

**പരീക്ഷാഫലം**

2017 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ സുവോളജി (2014–2015 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 23 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി (സി.എസ്.എസ്. റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 23 വരെ അപേക്ഷിക്കാം.

**ബി.എ./ബി.കോം (പ്രൈവറ്റ്) ഉത്തരക്കടലാസുകൾ**

ഒന്നും രണ്ടും സെമസ്റ്റർ യു.ജി. (പ്രൈവറ്റ്) ബി.എ., ബി.കോം. പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി ആലുവ യു.സി. കോളേജിൽ നിന്നും, യൂണിവേഴ്സിറ്റി കാമ്പസിൽ നിന്നും കൈപ്പറ്റിയ അദ്ധ്യാപകർ ഏപ്രിൽ 10, 11 തീയതികളിൽ അതാത് കേന്ദ്രങ്ങളിൽ തിരികെ എത്തിക്കേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**